(എ) പിന്നോക്ക സമുദായ വികസനത്തിനുവേണ്ടി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എന്തു തുക കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്; എന്തെല്ലാം പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഈ തുക കിട്ടിയത്;

(ബി) പ്രസ്തുത പരിപാടികൾ പൂർണ്ണമായും നടപ്പാക്കിയോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ തുകയിൽനിന്നും എന്തു തുക വകമാറ്റി ചെലവ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2002-2003, 2003-2004 വർഷങ്ങളിൽ പിന്നോക്ക സമുദായ വികസനത്തിനായി കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്നും 2002-2003 വർഷത്തിൽ 2758.40 ലക്ഷം രൂപയും 2003-2004 വർഷത്തിൽ 2820 ലക്ഷം രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിൽ പദ്ധതി തുടങ്ങുന്നതിനും വിദ്യാഭ്യാസ പദ്ധതിക്കും വേണ്ടിയാണ് വായ്പ കിട്ടിയത്.

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ പ്രസ്തുത പരിപാടികൾ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട് 2004 മാർച്ച് അവസാനം കിട്ടിയ തുകയിൽ 2.33 കോടി രൂപ 2004 ഏപ്രിൽ/മേയ് മാസങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഈ തുകയിൽ നിന്ന് ഒന്നും വകമാറ്റി ചെലവു ചെയ്തിട്ടില്ല.

ഗവൺമെന്റ് പ്രസ്സിലെ കമ്പ്യൂട്ടറൈസ്ഡ് അന്വേഷണ വിഭാഗം

159 [1967] ശ്രീ. സി. ടി. അഹമ്മദ് അലി:

" കെ. എൻ. എ. ഖാദർ:

" സി. മമ്മൂട്ടി:

" പി. കെ. കെ. ബാവ:

" ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സിൽ ഗസറ്റുകൾ കൃത്യമായി പ്രസിദ്ധീകരിക്കാത്തതിനാൽ പൊതുജനങ്ങൾക്ക് അവകാശ സർട്ടിഫിക്കറ്റ് മുതലായവ ലഭിക്കുന്നതിനും മറ്റും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച അന്വേഷണങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ പ്രസ്സിൽ കാര്യമായ സംവിധാനമില്ലെന്നതിനാൽ കാലതാമസം ഉണ്ടാകുന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കാൻ തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ കമ്പ്യൂട്ടറൈസ്ഡ് അന്വേഷണ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇത് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) ഇക്കാര്യം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

ഗവൺമെന്റ് പ്രസ്സുകളിലെ തൊഴിലാളി യൂണിയനുകളുടെ ഹിതപരിശോധന

160 [1968] ശ്രീ. ലൂഡി ലൂയിസ്:

" ജോർജ് ജെ. മാത്യു:

" എൻ. ശക്തൻ:

" എ. കെ. മണി:

" പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ തൊഴിലാളി യൂണിയനുകളുടെ ഹിത പരിശോധന നടത്തുവാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ എന്ന് എന്നു വെളിപ്പെടുത്തുമോ;

(ബി) ഹിതപരിശോധന നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയത്; ഇക്കാര്യത്തിൽ അദ്ദേഹത്തിന് ചുമതല നൽകിയത് എന്നാണ്;

(സി) ഹിതപരിശോധന നടത്തുന്ന കാര്യത്തിൽ ഇതുവരെ അദ്ദേഹം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഇക്കാലത്തിനുള്ളിൽ ഹിതപരിശോധന നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഹിതപരിശോധന നടത്തുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly